# ‘കഷ്ടതകൾ ഉപയോഗിച്ച് വളരുക’

## സങ്കീർത്തനം 119:71

‘നിന്റെ ചട്ടങ്ങൾ പഠിപ്പാൻ തക്കവണ്ണം ഞാൻ കഷ്ടതയിലായിരുന്നത് എനിക്കു ഗുണമായി.’

ഒരു സാധാരണ മനുഷ്യന് പറയാൻ സാധിക്കാത്ത വാക്കുകളാണിവ. അതുകൊണ്ടുതന്നെ കഷ്ടതയുടെ ചൂട് തന്റെ ജീവിതത്തിൽ നന്നായി അനുഭവിച്ച ദാവീദ് നമ്മെ ഓർമ്മിപ്പിക്കുന്നത്, കഷ്ടങ്ങളിലൂടെ കടന്നുപോയപ്പോൾ തനിക്ക് ദൈവവചനത്തിന്റെ തണുപ്പ് അനുഭവിക്കാൻ സാധിച്ചു എന്നാണ്. തന്റെ ജീവിതത്തിൽ വന്ന മരണകരമായ പ്രയാസത്തിന്റെയും, ശോധനകളുടെയും, പ്രതികൂലങ്ങളുടെയും, പരിഹാസത്തിന്റെയും നടുവിലും ദാവീദിനെ ബലപ്പെടുത്തിയത് ദൈവത്തിന്റെ ചട്ടങ്ങളാണ്. അതായത് ദൈവ വചനം തന്നിൽ മാംസം ധരിക്കാൻ ഇടയായി. ഇവിടെ ദാവീദ് തന്റെ കഷ്ടതയിൽ തന്നെ ത്തന്നെ എളിമപ്പെടുത്തി, ദൈവവചനം അനുസരിച്ചു. അവൻ തന്റെ കഷ്ടത ഉപയോഗിച്ച് ഒരു പടികൂടി ആത്മീയമായി വളർന്നു. ദൈവത്തോട് അടുത്തു, ദൈവഭാവത്തിൽ ഉയർന്നു.

പ്രിയ സഹോദരങ്ങളെ, രാജാവ് മുതൽ കൂലിക്കാരൻ വരെ ഏതു മനുഷ്യനും ഈ ലോക ജീവിതത്തിൽ കഷ്ടതകൾ ഉണ്ട്. കഷ്ടതകൾ ദൈവം തരുന്നതല്ലെങ്കിലും അവൻ അത് അനുവദിക്കുന്നത് എന്തുകൊണ്ടാണ്? കാരണം കഷ്ടതകൾ വരുമ്പോൾ ദൈവമക്കൾ ദൈവത്തിന്റെ ഹൃദയത്തോട് ചേർന്നുനിന്ന് അവന്റെ കൃപയിൽ ആശ്രയിച്ച് ദൈവസ്വഭാവം തന്റെ ജീവിതത്തിൽ കൊണ്ടുവരാൻ ശ്രമിക്കുന്നു. അവർ ദൈത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുകയും തങ്ങളുടെ ജീവിതത്തിൽ ഉപേക്ഷിക്കേണ്ടതിനെ തിരിച്ചറിഞ്ഞ് ഉപേക്ഷിച്ച് യേശുവിന്റെ രക്തത്താൽ കഴുകൽ പ്രാപിക്കുന്നു.

കഷ്ടതയിൽ ദൈവമനുഷ്യൻ ഒരു വെട്ടി ഒരുക്കലിനു വിധേയപ്പെടുമ്പോൾ അവൻ വിശുദ്ധി പ്രാപിക്കുകയും സാത്താനെ തന്റെ കാൽക്കീഴാക്കുകയും ചെയ്യുന്നു. അവൻ തിളങ്ങുന്ന മുത്തായി തന്റെ പഴയ അവസ്ഥയെക്കാൾ ശോഭയുള്ളവനായി ദൈവത്തിന്റെ വിടുതലിനെ തക്കസമയത്തു പ്രാപിക്കുന്നു. എന്നാൽ ഒരു സാധാരണ മനുഷ്യൻ കഷ്ടത വരുമ്പോൾ അതിന്റെ വിടുതലിനെ പറ്റി മാത്രം ഓർത്ത് ലോകത്തിന്റെ ചട്ടങ്ങളിൽ ആശ്രയി ക്കുന്നു. അതിനാൽ അവൻ ആ കഷ്ടതയിൽ നിന്ന് വിടുതൽ പ്രാപിച്ചാലും പഴയ അവസ്ഥയിൽ നിന്ന് രൂപാന്തരം സംഭവിക്കുന്നില്ല. ഒരു ആത്മീയ മനുഷ്യന് കഷ്ടതകൾ ഉപയോഗിച്ച് എപ്രകാരം വളരാം എന്നുള്ളത് യോസഫിന്റെയും ഇയ്യോബിന്റെയും ദാനി യേലിന്റെയും ഒക്കെ ജീവിതങ്ങൾ പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാം.

അതിനാൽ സഹോദരങ്ങളെ, നമ്മുടെ ജീവിതത്തിലെ പരാജയങ്ങളും, ക്ലേശങ്ങളും, തകർച്ചകളും, ബലഹീനതകളും, മാലിന്യങ്ങളും ഒക്കെ ഈ പ്രപഞ്ചത്തെ ഒരു വാക്കിനാൽ സൃഷ്ടിച്ച സർവ്വശക്തനായ ദൈവത്തിന്റെ കരങ്ങളിലേക്ക് ഏല്പിക്കാം. ദൈവത്തിന്റെ ചട്ടങ്ങൾ ദാവീദിനു ഗുണം ചെയ്തതുപോലെ ദൈവവചനത്താലും, ആത്മാവിനാലും നമ്മെയും അവൻ രൂപാന്തരപ്പെടുത്തും. കർത്താവിന്റെ കരം നമ്മുടെമേൽ വയ്ക്കുമ്പോൾ സൃഷികളായ നമ്മുടെമേൽ അവന്റെ ആത്മീയ സൗന്ദര്യം പ്രകടമാകും.

അതുകൊണ്ട് ഓർക്കുക, നമ്മുടെ ദൈവം മരണത്തെ ജയിച്ചവനാണ്. സർവ്വ സൃഷ്ടികളിന്മേലും അധികാരമുള്ളവനാണ്, സ്വന്തരക്തം നൽകി നമ്മെ വീണ്ടെടുത്തവനാണ്. ഈ കർത്താവിന്റെ കയ്യിൽ - ലോകത്തിന്റെ കഷ്ടതകൾ എത്ര നിസ്സാരമാണ്. പരാജയങ്ങളിൽ തകർന്നു പോകരുത്. കഷ്ടങ്ങളിൽ നമുക്ക് എളിമപ്പെടാം. ദൈവസ്വരത്തിനായി കാതോർക്കാം. കഷ്ടങ്ങളൊക്കെയും നമ്മുടെ കർത്താവ് തിളങ്ങുന്ന മുത്തുകളായി കോർത്തിണക്കി നമ്മെ രൂപാന്തരപ്പെടുത്തും.

അതിനായി ദൈവകരങ്ങളിലേക്ക് നമ്മുടെ ജീവിതങ്ങളെ ഏല്പിച്ചു കൊടുക്കാം. അദ്ധ്വാനിക്കുന്നവരും, ഭാരം ചുമക്കുന്നവരുമായുള്ളോരേ എന്ന് ദൈവം വിളിക്കുമ്പോൾ, ആ വിളിക്കായി കാതോർത്ത് നമ്മെത്തന്നെ പൂർണ്ണമായി ദൈവസന്നിധിയിൽ സമർപ്പിക്കാം. ജീവിതത്തിൽ വരുന്ന കഷ്ടങ്ങളിലും, തകർച്ചകളിലും കർത്താവിന്റെ വചനങ്ങൾ നമ്മെ ബലപ്പെടുത്തട്ടെ.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**പരാമർശം :**

എബ്രായർ 12:10,11

**അവനോ, നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിനു നമ്മുടെ ഗുണത്തിനായി തന്നേ ശിക്ഷിക്കുന്നത്. ഏത് ശിക്ഷയും തൽക്കാലം സന്തോഷകരമല്ല. ദുഃഖകരമത്രെ എന്നു തോന്നും. പിന്നത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്ക് നീതി എന്ന സമാധാനഫലം ലഭിക്കും.**

**സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 009**